"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ ശിശുവിഹാർ നഴ്സറി സ്കൂൾ ടീച്ചറായ ശ്രീമതി. ബിന്ദു. എൻ നെ 03.5.2010 പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.467/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/02/2021

---

പരാമർശം:- 1. സ.ഉ.(എം.എസ്) 88/2010/ത.സ്വ.ഭ.വ തീയതി 03.5.2010

2. സ.ഉ.(എം.എസ്) 170/10/ത.സ്വ.ഭ.വ തീയതി 06.8.2010

3. സ.ഉ.(എം.എസ്) 140/2014/ത.സ്വ.ഭ.വ തീയതി 02.08.2014

4. സർക്കാർ കത്ത് നം. ഇപിഎ2/107/15/തസ്വഭവ തീയതി 28.07.2015

5. ബഹു. കേരള ഹൈക്കോടതിയുടെ 27.02.2020 ലെ WP(C) 24576/2019 നം. വിധിന്യായം

6. പഞ്ചായത്ത് ഡയറക്ടറുടെ 12/11/2020 ലെ PAN/6720/2020-E1(DP) നം. കത്ത്

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ നഴ്സറി ടീച്ചർ ശ്രീമതി. ബിന്ദു. എൻ ഫയൽ ചെയ്തിരുന്ന WP(C) 24576/2019 നം ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (5) വിധിന്യായത്തിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

".......... Therefore Ext.P10 shall stand set aside. There shall be a direction to the first respondent to reconsider the case of the petitioner in the light of Exts.R3 (b) to (d) resolutions/certificates furnished by the Panchayath and in the light of Exts.P5, P6 and P13 orders and she shall be granted all the benefits as given to those who were regularised as per Exts.P6 and P13 orders with effect from 03.05.2010. Orders shall be passed within a period of 'three months' from the date of receipt of a copy of the judgment and the benefits shall be paid within a further period of 'one month'. The writ petition is disposed of accordingly."

2. പതിനൊന്നിന പരിപാടി പ്രകാരം സാംസ്കാരികനിലയം, ശിശുമന്ദിരങ്ങൾ എന്നിവിടങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി പരാമർ ശം ( 1 ) പ്രകാരം (Ext. P5) ഉത്തരവായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ലൈബ്രേറിയൻ, നഴ്സറി ടീച്ചർ, ആയ എന്നിവർ എല്ലാവരും പതിനൊന്നിന പരിപാടി പ്രകാരം നിയമിതരായവരല്ലാത്തതിനാലും എല്ലാവരും തുടർച്ചയായി സേവനത്തിലുള്ളവരല്ലാത്തതിനാലും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 31.12.2000 തീയതിക്കോ അതിനു

മുൻപോ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ടവരും തുടർച്ചയായി ജോലി നോക്കി വരുന്നതുമായ 300 ലൈബ്രേറിയൻ, 147 നഴ്സറി ടീച്ചർ, 134 ആയ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി 03.5.2010 പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം (2) പ്രകാരം (Ext.P6) ഉത്തരവായിരുന്നു. കൂടാതെ പരാമർശം (3) പ്രകാരം (Ext.P13) മേൽ ഉത്തരവിൽ വിട്ടു പോയവരെയും എന്നാൽ അതിലെ എല്ലാ വ്യവസ്ഥകളും പാലിക്കപ്പെട്ടിട്ടുള്ളതുമായ 19 ലൈബ്രേറിയൻ, 19 നഴ്സറി ടീച്ചർ, 11 ആയ എന്നിവരെ പാർട്ട് ടൈം കണ്ടിൻജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. ബിന്ദു. എൻ ഫെബ്രുവരി 2000 മുതൽ 01.6.2003 വരെ ദിവസവേതനത്തിലും 02.6.2003 മുതൽ ഓണറേറിയം വ്യവസ്ഥയിലും നിയമിക്കപ്പെട്ടതായി സർക്കാരിൽ റിപ്പോർട്ട് ലഭിച്ചതിനാൽ ടിയാളെ മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരാമർശം (4) പ്രകാരം (Ext.P10) നിരസിച്ചിരുന്നു.

3. താഴെക്കോട് ഗ്രാമപഞ്ചായത്ത് ശിശുവിഹാർ നഴ്സറി സ്കൂൾ ടീച്ചറായ ശ്രീമതി ബിന്ദുവിന്റെ നിയമനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഹാജർ പുസ്തകം എന്നിവ പരിശോധിച്ചതിൽ താഴെക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/09/1999 ലെ 6(7) നമ്പർ തീരുമാനപ്രകാരം ടിയാളെ താഴെക്കാട് ഗ്രാമപഞ്ചായത്തിൽ ഓണറേറിയം വ്യവസ്ഥയിൽ ശിശുവിഹാർ നഴ്സറി സ്കൂൾ ടീച്ചറായി നിയമിച്ചതായും 01/2/2000 മുതൽ ടിയാൾ സേവനം അനുഷ്ഠിച്ചുവരുന്നതായി ബോധ്യപ്പെട്ടതായും 01/02/2000 മുതൽ 2003 ജൂലൈവരെ പ്രതിമാസം 700 രൂപയും 2003 ആഗസ്റ്റ് മാസം മുതൽ 1300 രൂപയും 2010 ഫെബ്രുവരി മാസം മുതൽ 12000 രൂപയും ടിയാൾ ഓണറേറിയം കൈപ്പറ്റിയതായി അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും 01/02/2000 മുതൽ ഇന്നേ ദിവസം വരെ ശ്രീമതി ബിന്ദു എൻ എന്നവർ താഴെക്കാട് ഗ്രാമപഞ്ചായത്തിൽ ശിശുവിഹാർ നഴ്സറി സ്കൂൾ ടീച്ചറായി ഓണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിക്കുകയും ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടും അതൊടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത്, പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ റിപ്പോർട്ട് എന്നിവ പ്രകാരം താഴെക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/09/1999 ലെ 6(7) നമ്പർ തീരുമാനപ്രകാരം ശ്രീമതി. ബിന്ദു എൻ നെ താഴെക്കാട് ഗ്രാമപഞ്ചായത്തിൽ ശിശുവിഹാർ നഴ്സറി സ്കൂൾ ടീച്ചറായി നിയമിച്ചതായും 01/2/2000 മുതൽ ടിയാൾ സേവനം അനുഷ്ഠിച്ചുവരുന്നതായും അതേ തീയതി മുതൽ ഓണറേറിയം കൈപ്പറ്റി വരികയും ചെയ്യുന്നു. ആയതിനാൽ ശ്രീമതി. ബിന്ദുവിന് പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി സ്ഥിരപ്പെടുത്തലിന് അർഹതയുണ്ട്.

5. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ ശിശുവിഹാർ നഴ്സറി സ്കൂൾ ടീച്ചറായ ശ്രീമതി. ബിന്ദു. എൻ നെ പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾ ക്കനുസൃതമായി 03.5.2010 പ്രാബല്യത്തിൽ പാർട്ട് ടൈം കണ്ടിൻജന്റ് തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (5) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഉത്തരവായിട്ടുള്ള പ്രകാരം പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി 03.5.2010 മുതലുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ടിയാൾക്ക് നൽകുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

6. പരാമർശം (5) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

ശ്രീമതി. ബിന്ദു. എൻ, നഴ്സറി ടീച്ചർ, താഴെക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല (സെക്രട്ടറി, താഴെക്കോട് ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല.

സെക്രട്ടറി, താഴെക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/139/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ